# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4607 — 26.10.2016-ൽ മറുപടിയ്ക്ക്

## സാംസ്കാരിക സ്ഥാപനങ്ങളിലെ അനധികൃത നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എം. സ്വരാജ് : | **ശ്രീ.എ.കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവുംപാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| (എ) മുൻ സർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ അനധികൃത നിയമനങ്ങളും ബന്ധുനിയമനങ്ങളും നടത്തിയിരുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) പിറവം ബസേലിയോസ് പൗലോസ് II കത്തോലിക്കോസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറും മുൻ മന്ത്രി ശ്രീ.അനൂപ് ജേക്കബിന്റെ ഭാര്യയുമായ ശ്രീമതി അനില മേരി ഗീവർഗ്ഗീസിനെ 13.07.2011 ലെ സ.ഉ.(സാധാ)നം.372/2011/CAD ഉത്തരവ് പ്രകാരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ഇതിനെതിരെയുള്ള പരാതിയിന്മേൽ ബഹുമാനപ്പെട്ട ഗവർണറുടെ കുടി നിർദ്ദേശ പ്രകാരം വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) സർവ്വവിജ്ഞാനകോശം ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നീ പ്രധാന തസ്തികകളിൽ നിയമിക്കപ്പെട്ട വ്യക്തികൾക്ക് ഏതെല്ലാം ജനപ്രതിനിധികളുമായി ബന്ധുത്വമുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ? | (ബി) കേരള സർവ്വവിജ്ഞാകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ 31.05.2013 ലെ സ.ഉ.(സാധാ)നം.270/2013/CAD ഉത്തരവ് പ്രകാരം ഡയറക്ടറായി നിയമിച്ചിരുന്ന ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി ഡയറക്ടറും മുൻ കേരള യൂണിവേഴ്സിറ്റി പരീക്ഷ കൺട്രോളറുമായിരുന്ന ഡോ. എം. റ്റി. സുലേഖ, അക്കാലത്ത് കേരള നിയമസഭാ സ്പീക്കറായിരുന്ന അന്തരിച്ച ജി. കാർത്തികേയന്റെ ഭാര്യയാണ്. |

**സെക്ഷൻ ഓഫീസർ**